കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# മംഗൾയാനും മറ്റുചിലതും

**അനന്തവും** അജ്ഞാതവുമാണ് ലോകമെന്നും അതിലെ ഇത്തിരിപോന്ന മനുഷ്യർ കണ്ടെത്തിയതൊക്കെ എത്ര നിസ്സാരമെന്നും കവികൾ നേരത്തെ നിരീക്ഷിച്ചിരുന്നു. സ്പേസ് റിസർച്ച് എല്ലാ നാടുകളിലും വളരെ പ്രധാനപ്പെട്ട ഒന്നായി മാറിയിട്ടുണ്ട്. ബഹുകോടികൾ ചിലവിടുന്ന ഒന്നായതിനാൽതന്നെ ധൂർത്തിന്റെ പേരിൽ വിമർശനങ്ങളും കേൾക്കാറുണ്ട്. ആകാശത്തിലെ ട്രാഫിക് ജാം നാമറിയാത്തതുകൊണ്ടാണ്. യാത്രാവിമാനങ്ങൾ, ചാര വിമാനങ്ങൾ, യുദ്ധവിമാനങ്ങൾ, മിസൈലുകൾ, ഉപഗ്രഹങ്ങൾ, വിക്ഷേപണ സഹായ കേന്ദ്രങ്ങൾ, കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ, സാറ്റ്ലൈറ്റ്, റോക്കറ്റ്, ചൊവ്വാ പര്യവേക്ഷണം, ചാന്ദ്രദൗത്യം തുടങ്ങി നൂറുനൂറ് ഏർപ്പാടാണ് നമ്മുടെ ആകാശത്ത് നടക്കുന്നത്. നാസ മുതൽ ഐ.എസ്.ആർ.ഒ വരെ ആകാശത്തേക്കാണ് നോക്കുന്നത്. മികച്ച സാങ്കേതിക വിദ്യ ജനസേവനത്തിന്നാണെന്നു കരുതി മധുരം നുണഞ്ഞും വിതരണം ചെയ്തും നടക്കുന്ന നാം കഥയെന്തുകണ്ടു! ഇപ്പോൾ ലോകത്ത് നടന്നുവരുന്ന പരീക്ഷണങ്ങളും ഗോളാന്തര യാത്രകളും എവിടെയെത്തുമെന്ന് ഉറപ്പിക്കാനാവില്ല. കാലാവസ്ഥാ വ്യതിയാനം സുനാമി മുന്നറിയിപ്പ് എന്നൊക്കെ പേരിട്ട് ചാരവൃത്തിക്കും യുദ്ധത്തിനും ഇത് പ്രയോഗിക്കാൻ സാദ്ധ്യതയുണ്ടെന്ന ആശങ്കകളെ തള്ളിക്കളയാനുമാവില്ല. ഇതര ഗോളങ്ങളിൽ ജീവൻ ഉണ്ടോ എന്ന അന്വേഷണം എത്ര കാലമായി? ഉള്ള ജീവന്റെ നിലനിൽപ്പിന് സംരക്ഷണം നൽകാൻ ശ്രമിക്കാത്ത അധികാരി വർഗ്ഗങ്ങൾ ശാസ്ത്രവും സാങ്കേതിക വിദ്യവും കാട്ടി പാവങ്ങളെ പറ്റിക്കയല്ലേ സംഭവിക്കുന്നത്? ഇനി ഇതര ഗ്രഹങ്ങളിൽ, ഗോളങ്ങളിൽ ജീവനോ ജാലമോ ഉണ്ടെന്നിരിക്കട്ടെ അതുകൂടി കോർപ്പറേറ്റുകൾ ഊറ്റിയെടുക്കുന്നില്ലെന്നാരുകണ്ടു. ഗോളാന്തര യാത്രയുടെ ടിക്കറ്റ് ബുക്കിങ് റെക്കോർഡുകൾ തകർത്ത് മുന്നേറിയത് ഈ ഗവേഷണങ്ങളും ആർക്ക് ഉകാരപ്പെടും എന്നതിന് ദൃഷ്ടാന്തമാണ്.

**രണ്ട്**

ഗോള ശാസ്ത്രവും ഗോളാന്തര യാത്രികരും പരിഗണിക്കേണ്ട ഒരു സവിശേഷ കാഴ്ചപ്പാട് പങ്കുവെക്കാൻ ശ്രമിക്കുകയാണിവിടെ. ഭൗമേതര ഗോളങ്ങളിൽ ജീവനുണ്ടെന്ന കണ്ടെത്തലുകൾ ധാരാളമായി കേൾക്കുന്നുണ്ട്. ആയത് വിശദീകരിക്കുന്ന ഗ്രന്ഥങ്ങളും മന്ത്രങ്ങളും ഉണ്ട്. ഈരേഴു പതിനാലു ലോകങ്ങൾ വെറും കവി ഭാവന മാത്രമാണോ? മലയാള ഭാഷയിലിറങ്ങിയ പരമഹംസ യോഗാനന്ദയുടെ 'ഒരു യോഗിയുടെ ആത്മകഥ', സ്വാമി രാമയുടെ 'ഹിമാലയത്തിലെ ഗുരുക്കന്മാരോടൊപ്പം' എന്ന ഗ്രന്ഥങ്ങൾ ഇക്കാര്യത്തിൽ ചില സൂചനകൾ നൽകുന്നുണ്ട്. ആധുനിക ശാസ്ത്രത്തിലെ നൂതനമായ പല രീതികളിലുള്ള പരീക്ഷണങ്ങൾക്കും സഹകരിക്കാൻ കരുണ കാണിച്ചയാളാണ് സ്വാമി രാമ. ഇതെല്ലാം രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളുമാണ്.

കേരളത്തിലെ ഗുരുക്കന്മാരിൽ പ്രധാനികളിലൊരാളായ ഗുരു നിത്യചൈതന്യയതിയുടെ വിദേശത്തുവെച്ചുള്ള ഒരനുഭവം ആത്മകഥയിലുണ്ട്. പ്രസിദ്ധനായ ഡോ. ജോൺസനുമൊത്ത് ഒരു സാങ്ച്ചറി സന്ദർശിച്ച സന്ദർഭം. ശിൽപകലയും പ്രകൃതിഭംഗിയും ആസ്വദിക്കേ, ഇതെല്ലാം മഞ്ഞിൽ കുളിച്ചുകാണാൻ ആശതോന്നുകയും യതി അത് പ്രകടിപ്പിക്കുകയും ചെയ്തു. മഞ്ഞിന്റെ സീസണല്ല ഇവിടെയെന്ന ഡോ. ജോൺസന്റെ മറുപടിയിൽ തൃപ്തി വരാതെ, താങ്കളൊരു യോഗിയല്ലേ അൽപ്പം മഞ്ഞ് പെയ്യിക്കൂ എന്ന് യതി അഭ്യർത്ഥിച്ചു. അഞ്ചു മിനിട്ടിനുശേഷം ആകാശത്തുനിന്ന് മഞ്ഞുപെയ്തതും സാങ്ച്ചറി മഞ്ഞിൽ പുതച്ചതും യതി എഴുതുന്നുണ്ട്. അതീന്ദ്രീയ സിദ്ധികളെക്കുറിച്ച് ഒട്ടേറെ ഗവേഷണം നടത്തി, അത്തരത്തിൽ അവകാശവാദങ്ങൾക്കപ്പുറം ഒന്നുമില്ലെന്ന നിഗമനത്തിലെത്തിയ യതിയുടെ അനുഭവ സാക്ഷ്യമാണിത്.

ശ്രീ. എം ന്റെ ആത്മകഥയായ 'ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ'യിലും ഇത്തരം സന്ദർഭങ്ങൾ കാണാം. ഗുരുവുമൊത്ത് ഹിമാലയൻ ഗുഹയിൽ കഴിയുമ്പോൾ ഇടിമുഴക്കം പോലുള്ള ശബ്ദത്തോടെ തീഗോളം പാഞ്ഞുവന്നതും അത് 'ധുനി'യിൽ വീണ് പിളർന്ന് പുറത്തുവന്ന മനോഹരമായ സർപ്പരാജനെക്കണ്ടതും അനുഗ്രഹം വാങ്ങിയതും മറ്റും ശ്രീ. എം. കുറിച്ചിട്ടുണ്ട്. നാഗലോകത്തെക്കുറിച്ചും മറ്റുഗ്രഹങ്ങളിലെ ജീവനെക്കുറിച്ചും ഗുരുമഹേഷ്, എം. ന് വിശദീകരിച്ചുകൊടുത്തതും കാണാം .

ഗുരുവിന്റെ സമാധി സമയത്ത് ആകാശത്ത് നക്ഷത്രം കാണപ്പെട്ടതും ആ നക്ഷത്രം നിശ്ചിത സ്ഥലത്ത് ഇറങ്ങി വന്നതും പ്രകാശംമാറി ഗുരുവിന്റെ ഗുരുവും നാഗലോകത്തെ ഉപാദ്ധ്യക്ഷനും ശരീരികളായി പ്രത്യക്ഷപ്പെട്ടതും സംസാരിച്ചതും മടങ്ങിപ്പോയതും ശ്രീ. എം. കുറിക്കുന്നുണ്ട്. ഇങ്ങനെ യോഗി പരമ്പരയിലെ വ്യക്തിത്വങ്ങൾ വിശദമാക്കിയിട്ടും, പലരും നമുക്ക് സമീപസ്ഥരായിട്ടും ഇതൊന്നും കണ്ടഭാവം നടിക്കാതെയുള്ള ഗവേഷണങ്ങൾ നാമെങ്ങിനെയാണ് കാണേണ്ടത്? ജ്യോതിഷവും മായാജാലവും കെട്ടുകഥകളും എന്നൊക്കെ ലഘൂകരിച്ച് അവഗണിക്കേണ്ടതാണോ ഈ വെളിപ്പെടുത്തലുകൾ? ഭാരതീയ സംസ്കാരിക പൈതൃകം പേർത്തും പേർത്തും പറയുന്നവർക്കും ഇതിലൊന്നും താത്പര്യമില്ല. പിന്നെയോ പൊക്രാനിലും മംഗൾയാനിലുമാണ് താത്പര്യം. ആധുനിക ശാസ്ത്രമെന്ന മുതലാളിത്ത സാങ്കേതിക വിദ്യയേക്കാൾ പാരമ്പര്യ ശാസ്ത്രവും ധർമ്മ ശാസ്ത്രങ്ങളുമാണ് പ്രത്യാശയ്ക്ക് വകനൽകുക എന്ന് തോന്നിപ്പോകുന്നു. യോഗികളുടെ പൈതൃകത്തെ ഇവരുടെ പാതകളെ പഠിക്കുകയും യോഗക്ഷേമത്തിനായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന കർമ്മവും ധർമ്മവും ഉണ്ടാകട്ടെയെന്ന് ആശിക്കുന്നു.

മനുഷ്യരാശി ഇതുവരെ നേടിയ വിജ്ഞാനം മേൽജാതിക്കോ, വരേണ്യ ഭാഷയ്ക്കോ, ഏതെങ്കിലും മതത്തിനോ, സങ്കുചിത ദേശീയതക്കോ മാത്രം അവകാശപ്പെട്ടതല്ല. അതിനാൽ അന്വേഷണ-ഗവേഷണങ്ങളിൽ ഭാരതീയ യോഗി പൈതൃകം കൂടി ഉൾച്ചേർക്കേണ്ടതാണ്. ശാസ്ത്രം മിത്താണോ യാഥാർത്ഥ്യമാണോ എന്ന തർക്കങ്ങൾക്കിടയിൽ അന്വേഷണത്വര നഷ്ടപ്പെടുത്തേണ്ടതില്ല. മുൻവിധികളില്ലാതെ ഗവേഷണം നടക്കട്ടെ മനുഷ്യരാശിക്കിത് ഗുണകരമാകും.

*ഫോൺ: 9895148998*